ഭരണഭാഷ-മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ,**

**തിരുവനന്തപുരം**

**(ഹാജർ: ആസിഫ്.കെ.യൂസഫ് ഐ എ എസ്)**

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - വിജിലൻസ് - വെറ്ററിനറി സർജൻ ഡോ.വിജി വിജയനെതിരായ അച്ചടക്കനടപടി - കർശന താക്കീത് നൽകി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

| | |
|---|---|
| നമ്പർ - AHD/5350/2021-X3 | തീയതി:13-02-2025 |

പരാമർശം:
1) പത്തനംതിട്ട ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 14/09/2021 ലെ DAHO/PTA/571/2021-A2 നമ്പർ കത്ത്.
2) മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ 01/03/2024 ലെ AHD/5350/2021-X3 നമ്പർ ചാർജ്ജ്മെമ്മോ
3) ഡോ.വിജി വിജയന്റെ 20/03/2024 ലെ പ്രതിവാദ പത്രിക

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് വെറ്ററിനറി ഡിസ്പെൻസറിയിൽ പത്തനംതിട്ട ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്) നടത്തിയ ആകസ്മിക പരിശോധനയിൽ ടി സ്ഥാപനത്തിലെ വെറ്ററിനറി സർജൻ ഡോ.വിജി വിജയൻ അന്വേഷണ ഉദ്യോഗസ്ഥനോട് അപമര്യാദയായും ധിക്കാരപരമായും സംസാരിക്കുകയും, മേലുദ്യോഗസ്ഥന്റെ കർത്തവ്യ നിർവ്വഹണത്തിന്റെ ഭാഗമായുള്ള ഔദ്യോഗിക പരിശോധനയോട് സഹകരിക്കാതിരിക്കുകയും, സ്ഥാപനത്തിലെ ഫയലുകളും, രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കാതെയും ദിനംപ്രതി എഴുതി സൂക്ഷിക്കേണ്ട ക്യാഷ് ബുക്ക് ഉൾപ്പെടെയുള്ള രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാതെയും കാലാവധി കഴിഞ്ഞ മരുന്നുകളും വാക്സിനുകളും സൂക്ഷിച്ചു വയ്ക്കുകയും ചെയ്തിരുന്നതായി കണ്ടെത്തിയിരുന്നു. ഇതേ തുടർന്ന് പത്തനംതിട്ട ജില്ലാ മൃഗസംരക്ഷണ ഓഫീസർ ടിയാന് ചാർജ്ജ് മെമ്മോയും, കുറ്റാരോപണ പത്രികയും നൽകുകയും അതിന് ഡോ.വിജി വിജയൻ സമർപ്പിച്ച മറുപടി അംഗീകരിക്കാൻ കഴിയാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം പത്തനംതിട്ട ജില്ലാ മൃഗസംരക്ഷണ ഓഫീസർ ശുപാർശ ചെയ്യുകയുണ്ടായി. ടി ശിപാർശയുടെ അടിസ്ഥാനത്തിൽ

1. പരിശോധനയ്ക്ക് എത്തിയ മേലുദ്യോഗസ്ഥരോട് അപമര്യാദയായി പെരുമാറുകയും, കൃത്യനിർവ്വഹണത്തിന്റെ ഭാഗമായുള്ള ഔദ്യോഗിക പരിശോധനയോട് സഹകരിക്കാതിരിക്കുകയും, മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ

അനുസരിക്കാതിരിക്കുകയും ചെയ്തു.

2. സ്ഥാപനത്തിലെ ഫയലുകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കാതിരിക്കുകയും ക്യാഷ് ബുക്ക് ഉൾപ്പെടെയുള്ള രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാതിരിക്കുകയും ചെയ്തു.
3. കാലാവധി കഴിഞ്ഞ മരുന്നുകളും വാക്സിനുകളും അലമാരയിൽ സൂക്ഷിച്ചു വച്ചു.
4. ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ച.

തുടങ്ങിയ കുറ്റങ്ങൾക്ക് അച്ചടക്കനടപടി സ്വീകരിക്കുന്നതിലേയ്ക്കായി ഈ ഓഫീസിൽ നിന്നും പരാമർശം (2) പ്രകാരം ചാർജ്ജ് മെമ്മോയും, കുറ്റാരോപണ പത്രികയും നൽകിയിരുന്നു. കുറ്റപത്രത്തിന് ഡോ.വിജി വിജയൻ പരാമർശം (3) പ്രകാരം മറുപടി സമർപ്പിക്കുകയും ചെയ്തിരുന്നു. കുറ്റപത്രത്തിലെ പരാമർശിത ആരോപണങ്ങൾ തന്റെ ഭാഗത്തു നിന്നും മന:പൂർവ്വം ഉണ്ടായതല്ലായെന്നും, സർക്കാർ ഉദ്യോഗസ്ഥയെന്ന നിലയിൽ ജോലിയിലോ, പെരുമാറ്റത്തിലോ വീഴ്ച വരുത്തിയിട്ടില്ലായെന്നുമുള്ള വെറ്ററിനറി സർജന്റെ വിശദീകരണം അംഗീകരിച്ച് തുടർനടപടികൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പത്തനംതിട്ട ജില്ലാ മൃഗസംരക്ഷണ ഓഫീസറും ശിപാർശ ചെയ്യുകയുണ്ടായി.

മേൽ സാഹചര്യത്തിൽ പത്തനംതിട്ട ജില്ലാ മൃഗസംരക്ഷണ ഓഫസറുടെ ശിപാർശ അംഗീകരിച്ച് ഇത്തരം പ്രവൃത്തികൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് തണ്ണിത്തോട് വെറ്ററിനറി ഡിസ്പെൻസറിയിലെ വെറ്ററിനറി സർജൻ ഡോ.വിജി വിജയന് കർശന താക്കീത് നൽകി ടിയാനെതിരെയുള്ള അച്ചടക്കനടപടി അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Asif K Yusuf
Date: 13-02-2025 19:37:43

**ആസിഫ്.കെ.യൂസഫ് ഐ എ എസ്**
**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

1) ഡോ.വിജി വിജയൻ, വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, തണ്ണിത്തോട്, പത്തനംതിട്ട (പത്തനംതിട്ട ജില്ലാ മൃഗസംരക്ഷണ ഓഫീസർ മുഖേന) - 2 പകർപ്പ് ഒരു പകർപ്പിൽ കൈപ്പറ്റ രേഖയായി താങ്കളുടെ തീയതി വച്ച കൈയ്യൊപ്പ് രേഖപ്പെടുത്തി തിരികെ നൽകേണ്ടതാണ്)

പകർപ്പ്:-

1. ജില്ലാ മൃഗസംരക്ഷണ ഓഫീസർ, പത്തനംതിട്ട (തുടർനടപടികൾക്കായി)
2. ഐ.റ്റി ഓഫീസർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്, വികാസ്ഭവൻ. (വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
3. പണിഷ്മെന്റ് രജിസ്റ്റർ/ഡി സെക്ഷൻ സീനിയർ സൂപ്രണ്ട്/ ഡി1 സെക്ഷൻ/സ്റ്റോക്ക് ഫയൽ എക്സ് 3